(സി) ഉണ്ട്. ഇക്കാര്യം പുനഃപരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യമായ നിർദ്ദേശം പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയർക്ക് നല്കിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) പുതുക്കിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനും അതനുസരിച്ച് റിവൈസ് ചെയ്ത പ്രൊമോഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നതായി പൊതുമരാമത്ത് വകുപ്പ് (ഭരണ വിഭാഗം) ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എഫ്) പൊതുമരാമത്ത് വകുപ്പ് അവിഭക്ത പൊതുമരാമത്തു വകുപ്പായി നിലനിന്നിരുന്ന കാലഘട്ടത്തിലാണ് മേൽപ്പറഞ്ഞ പ്രൊമോഷൻ നടന്നത്. 1990-ന് ശേഷം ഈ ഡിപ്പാർട്ട്മെന്റ് ഇറിഗേഷനും പൊതുമരാമത്തും ആയി വിഭജിക്കപ്പെടുകയും ഒരു വിഭാഗം ജീവനക്കാർ ഇറിഗേഷനിലേക്ക് മാറുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഇറിഗേഷൻ വകുപ്പിൽ നിന്നും അവരുടെ വിവരങ്ങൾ ശേഖരിച്ചതിനു ശേഷം പ്രസ്തുത വകുപ്പിന്റെ സഹകരണത്തോടെ മാത്രമേ ഇക്കാര്യം പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. ഇതിനായി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ആഫീസിൽ ഒരു പ്രത്യേക സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പി. ഡബ്ല്യു. ഡി. ഓഫീസുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കാൻ നടപടി

153 [1387] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം പി. ഡബ്ല്യു. ഡി റോഡ്സ് അസിസ്റ്റന്റ് എഞ്ചിനീയർ, പി. ഡബ്ല്യു. ഡി. ബിൽഡിംഗ്സ് അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ ഓഫീസുകൾ വർഷങ്ങളായി വാടക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഓഫീസുകൾ പ്രവർത്തിക്കുന്നതിലേക്ക് സ്വന്തം കെട്ടിടം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കെട്ടിടം നിർമ്മിക്കുന്നതിലേക്ക് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മറ്റു നടപടികൾ സ്വീകരിക്കുന്നതാണ്.

മേലാറന്നൂർ ഗവൺമെന്റ് ക്വാർട്ടേഴ്സിൽ താമസിക്കുന്നവരുടെ വിവിധ ആവശ്യങ്ങൾ

154 [1388] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂജപ്പുര മേലാറന്നൂർ ഗവൺമെന്റ് ക്വാർട്ടേഴ്സിൽ താമസിക്കുന്നവരുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നിവേദനത്തിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾ പരിഹരിക്കുന്നതിന് ഇതുവരെ ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ക്വാർട്ടേഴ്സുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പു മന്ത്രിയുടെ ഓഫീസിൽ ചേർന്ന യോഗതീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതി പരിശോധിക്കുമോ;

(ഡി) ഇതിനായി ബന്ധപ്പെട്ടവരെ പങ്കെടുപ്പിച്ച് ഒരു യോഗം വിളിച്ചു ചേർക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ക്വാർട്ടേഴ്സ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ അഴുക്കുചാൽ നിർമ്മാണം, ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ, ഗേറ്റ് സ്ഥാപിക്കൽ, മാലിന്യ നിർമ്മാർജനം ഉൾപ്പെടെയുള്ള അത്യാവശ്യപ്പണികൾ സമയബന്ധിതമായി നടപ്പാക്കി കൊണ്ടിരിക്കുകയാണ്. 1 മുതൽ 31 വരെയുള്ള ബ്ലോക്കുകളിലെ 263 ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) ആവശ്യമെന്നുകണ്ടാൽ ബന്ധപ്പെട്ടവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗം വിളിച്ചുകൂട്ടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly